# ഹൃദയസ്പർശം

**2010 ആഗസ്ത് 26 ലക്കം 20 ചിത്രഭൂമിയിൽ മലയാളത്തിന്റെ പ്രിയ കലാകാരി ശാന്താദേവിയുടെ ഇപ്പോഴത്തെ ദാരുണാവസ്ഥയെക്കുറിച്ച് ഡോ. വേണുഗോപാൽ തയ്യാറാക്കിയ ലേഖനമാണ് ആ അമ്മ തനിച്ചാണ്. ഈ ലേഖനത്തിന് വായനക്കാരിൽനിന്നു ലഭിച്ച ശ്രദ്ധേയമായ ഏതാനും പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.**




## ഡോക്ടർക്ക് അഭിനന്ദനങ്ങൾ

**ക**ണ്ടില്ലെന്ന് മനഃപൂർവം നടിക്കുന്നവരുടെ കണ്ണുതുറപ്പിക്കുന്ന ഒരു ലേഖനം തയ്യാറാക്കിയ ഡോ. വേണുവിന് അഭിനന്ദനങ്ങൾ. സിനിമാലോകത്തെ പ്രവർത്തകർക്ക് ഈ ലേഖനം കാണാൻ വഴിയൊരുക്കിയ ചിത്രഭൂമിക്കും അഭിനന്ദനങ്ങൾ. ഇതൊരു നല്ല തുടക്കമാകട്ടെ എന്ന് പ്രത്യാശിക്കുന്നു. ഹൃദയത്തിൽ നന്മ സൂക്ഷിക്കുന്ന ഒരാൾക്കേ ഇത്ര നല്ല ഭാഷയിൽ ഒരു ലേഖനം തയ്യാറാക്കാൻപറ്റൂ. താങ്കൾക്കതിനു കഴിഞ്ഞിരിക്കുന്നു ഡോക്ടർ.

*ഡോ. റോഷൻബിജ്‌ലി*

## അനുഗൃഹീത എഴുത്തുകാരൻ

**താ**ങ്കൾക്ക് എഴുതാൻ ഈശ്വരന്റെ അനുഗ്രഹം വേണ്ടുവോളമുണ്ട്. ആ അമ്മ തനിച്ചാണ് എന്ന ലേഖനം അത്ര മനോഹരമായാണ് അവതരിപ്പിച്ചത്. ഏഷ്യാനെറ്റിൽ ശാന്താദേവിയെക്കുറിച്ചുള്ള ഡോക്യുമെന്ററി ഞാൻ ഈയടുത്ത് കണ്ടു. ഡോ. പി.എം.കെ.യെ വിളിക്കണം എന്ന് അപ്പോൾ തോന്നി. താങ്കളുടെ മാനുഷിക പരിഗണനാ പരിപാടികൾ ഇനിയും തുടരുക. എന്തെങ്കിലും സഹായം ആവശ്യമാണെങ്കിൽ എന്നെ വിളിക്കാം. ഞങ്ങൾക്ക് ഒരു വൃദ്ധസദനവും ആത്മയും ഉണ്ട്. വടകരയിൽ പ്രവർത്തിക്കുന്ന തണൽ – അവിടെ ഞാനും ട്രസ്റ്റ് മെമ്പറാണ്. ശാന്താദേവിയെ അവിടേക്ക് കൊണ്ടുവരാം. എപ്പോൾ വേണമെങ്കിലും.

*എ. റഹ്മാൻ*

## വേണം ഇത്തരം ലേഖനങ്ങൾ

വടകരയിൽ പ്രവർത്തിക്കുന്ന തണൽ എന്ന പുവർ ഹോമിനെക്കുറിച്ച് കൂടുതൽ അറിയാൻ താത്പര്യമുണ്ടെങ്കിൽ താങ്കൾക്ക് എന്നെ വിളിക്കാം. ശാന്താദേവിയെക്കുറിച്ച് ചിത്രഭൂമിക്കുവേണ്ടി തയ്യാറാക്കിയ ലേഖനം എനിക്കയച്ചതിൽ സന്തോഷം. വളരെ നന്നായിട്ടുണ്ട്.

***ഡോ. കെ.എം. അബ്ദുള്ള***
*കദിയരക്കത്ത്, നട്ട് സ്ട്രീറ്റ്, വടകര*

പ്രിയപ്പെട്ട ഡോക്ടർ,

താങ്കൾ ചെയ്ത പ്രവൃത്തി വലിയൊരു സേവനമാണ്. ഇതൊരു മനുഷ്യപ്പറ്റുള്ള സേവനം മാത്രമല്ല, ഒരു ഡോക്ടർ എന്ന നിലയിലുള്ള താങ്കളുടെ കർമമഹിമകൂടിയാണ്. സമൂഹത്തിനുള്ള താക്കീതും.

***കുഞ്ഞു***

പ്രിയപ്പെട്ട വേണുസാറിന്,

മനസ്സും കണ്ണും നിറയിക്കാൻ താങ്കളുടെ ലേഖനത്തിനായി. ഞങ്ങളുടെ വേണുസാറിനെക്കുറിച്ച് പറയാൻ കൂടുതൽ അഭിമാനം തോന്നുന്നു. ഞാൻ എന്റെ കുടുംബത്തെയും സുഹൃത്തുക്കളെയും ഈ ലേഖനം കാണിച്ചു. MIMSന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു.

***സലിലും കുടുംബവും***